## മധുരമായ കുട്ടികളേ - ജ്ഞാനമാർഗ്ഗത്തിൽ നിങ്ങളുടെ സങ്കല്പം വളരെ ശുദ്ധമായിരിക്കണം. സത്യമായ സമ്പാദ്യത്തിൽ നുണ പറയുക, എന്തെങ്കിലും വിപരീതമായത് ചെയ്യുകയാണെങ്കിൽ വളരെയധികം നഷ്ടമുണ്ടാകും.

**ചോദ്യം**:- ആരാണോ ഉയർന്ന പദവി നേടുന്ന ഭാഗ്യശാലീ കുട്ടികൾ, അവരുടെ അടയാളമെന്തായിരിക്കും?
**ഉത്തരം**:- അവരിൽ നിന്ന് ഒരു മോശമായ കർമ്മവുമുണ്ടാവില്ല. യജ്ഞസേവനത്തിൽ എല്ല്-എല്ലുകൾ സമർപ്പിക്കും. അവരിൽ ഒരു ലോഭവുമുണ്ടാവില്ല. 2-അവർ വളരെ സുഖദായിയായിരിക്കും. മുഖത്തിലൂടെ ജ്ഞാനരത്നങ്ങൾ പുറത്ത് വരും. വളരെ മധുരമായിരിക്കും. 3-അവർ ഈ പഴയ ലോകത്തെ കണ്ടിട്ടും കാണുകയില്ല. അവരുടെയുള്ളിൽ ഈ ചിന്ത വരുകയില്ല ഭാഗ്യത്തിലെന്താണോ ഉള്ളത്, കാണാം! ബാബ പറയുന്നു അങ്ങനെയുള്ള കുട്ടികൾ ഒന്നിനും കൊള്ളില്ല. നിങ്ങൾക്കാണെങ്കിൽ നന്നായി പുരുഷാർത്ഥം ചെയ്യണം.

**ഗീതം**:- നമുടെ തീർത്ഥസ്ഥാനം വേറിട്ടതാണ്....

**ഓം ശാന്തി**. ഇത് ഭക്തിമാർഗ്ഗത്തിലെ പാട്ടാണ്. നമ്മുടെ തന്നെ മഹിമയാണ് നടന്നുകൊണ്ടിരിക്കുന്നതെന്ന് നിങ്ങൾക്കറിയാം. ഭക്തിമാർഗ്ഗത്തിൽ മഹിമ പാടപ്പെടുന്നു പ്രാർത്ഥിക്കുന്നു, ജ്ഞാന മാർഗ്ഗത്തിൽ ഈ പ്രാർത്ഥനയും ഭക്തിയുമുണ്ടാകുന്നില്ല. ജ്ഞാനം അർത്ഥം പഠിപ്പ്, സ്ക്കൂളിൽ പഠിക്കുന്നത് പോലെ. പഠിപ്പിൽ ലക്ഷ്യമുണ്ട്. നമ്മൾ ഇത് പഠിച്ച് ഇന്ന പദവി നേടും. ഈ ജോലി ചെയ്യും. പലരും പഠിക്കുന്നുണ്ട് ഇങ്ങനെ ചതിക്കും, പൈസ സമ്പാദിക്കും. ഒരുപാട് പൈസക്ക് വേണ്ടി ചതിക്കുന്നു, ഇതിനെയും ഭ്രഷ്ടാചാരമെന്ന് പറയുന്നു. മോഷ്ടിക്കുകയും ചെയ്യുന്നു. ഗവൺമെന്റിന്റെതും മോഷ്ടിക്കുന്നു, ധനം സമ്പാദിച്ച് സ്വയം സുഖിയായിരിക്കുന്നതിനും തന്റെ കുട്ടി-കുടുംബത്തെ സുഖിപ്പിക്കുന്നതിനും വേണ്ടി. പഠിപ്പിച്ച് വിവാഹം കഴിപ്പിക്കുന്നതിനും മറ്റും. ഇവിടെയാണെങ്കിൽ നിങ്ങൾക്ക് പൈസ സമ്പാദിക്കേണ്ട ഒരു ആവശ്യവുമില്ല. ഇത് പവിത്രമായ പഠിപ്പാണ്. ഗൃഹസ്ഥ വ്യവഹാരത്തിലിരുന്നും കേവലം പഠിക്കണം. പലരും പറയുന്നു ഞങ്ങൾക്ക് ശമ്പളം കുറവായിട്ടാണ് ലഭിക്കുന്നത്, അതിനാൽ ചതിക്കേണ്ടി വരുന്നു, എന്തു ചെയ്യും! പക്ഷെ ഈ ജ്ഞാനമാർഗ്ഗത്തിലാണെങ്കിൽ ഇങ്ങനെയൊരു ചിന്തയും ഉണ്ടാവേണ്ടതില്ല, ഇല്ലായെങ്കിൽ ദുർഗ്ഗതിയിലകപ്പെടുന്നു. ഇവിടെയാണെങ്കിലോ വളരെ സത്യതയോടെയും ശുദ്ധതയോടെയും ബാബയെ ഓർമ്മിക്കണം, അപ്പോഴേ പദവി നേടാൻ സാധിക്കൂ. വിദ്യാർത്ഥികൾക്ക് പഠിപ്പല്ലാതെ വേറെ ഒരു കാര്യവും ബുദ്ധിയിലിരിക്കരുത്. ഇല്ലായെങ്കിൽ ഭാവിയിലെങ്ങനെ ഉയർന്ന പദവി നേടും! അഥവാ വിപരീതമായ കാര്യം ചെയ്യുകയാണെങ്കിൽ തോറ്റു പോകും. സത്യമായ സമ്പാദ്യത്തിൽ പിന്നെ എന്തെങ്കിലും അസത്യം മുതലായവ പറയുന്നതിലൂടെ അഥവാ അങ്ങനെയുള്ള എന്തെങ്കിലും കാര്യം ചെയ്യുന്നതിലൂടെ പദവി ഭ്രഷ്ടമാകും. വളരെയധികം നഷ്ടമുണ്ടാകുന്നു. ഇവിടെ നിങ്ങൾ ഭാവിയിലെ കോടിപതിയാകുന്നതിന് വേണ്ടി വന്നിരിക്കുകയാണ്. അതിനാൽ ഇവിടെ യാതൊരു മോശമായ ചിന്തയും വരരുത്. മോഷണം മുതലായ എന്തെങ്കിലും ചെയ്താൽ കേസാകുന്നു. അതിൽ നിന്നും ചിലർക്ക് രക്ഷപ്പെടാനും കഴിയും. പക്ഷെ ഇവിടെയാണെങ്കിലോ ധർമ്മരാജനിൽ നിന്നും ആർക്കും രക്ഷപ്പെടാൻ കഴിയുകയില്ല. പാപാത്മാക്കൾക്കാണെങ്കിൽ വളരെയധികം ശിക്ഷ അനുഭവിക്കേണ്ടി വരുന്നു. ഇങ്ങനെയാരും ഉണ്ടാവില്ല ശിക്ഷ അനുഭവിക്കേണ്ടി വരാത്തത്, മായ വീഴ്ത്തി കൊണ്ടിരിക്കുകയാണ്. ചാട്ടവാറ് കൊണ്ട് അടിച്ചു കൊണ്ടിരിക്കുകയാണ്. ഉള്ളിൽ മോശമായ ചിന്ത നടക്കുകയാണ്. ഇവിടെ നിന്ന് കുറച്ച് പൈസ എടുത്താലോ... അറിയില്ല ഉണ്ടാകുമോ ഇല്ലയോ. കുറച്ച് കൈക്കലാക്കാം. ഇപ്പോൾ ഇത് ഈശ്വരീയ ദർബാറാണ്. പിന്നെ വലംകൈയ്യായ ധർമ്മരാജനുമുണ്ട്, ശിക്ഷയാണെങ്കിലോ നൂറ് മടങ്ങ് കൂടുതലാണ്. പുതിയ പുതിയ കുട്ടികൾക്ക് ഒരുപക്ഷെ അറിയില്ലായിരിക്കും അതുകൊണ്ട് ബാബ മുന്നറിയിപ്പ് നൽകുകയാണ്. നിങ്ങൾ കുട്ടികളുടെ സങ്കല്പം വളരെ ശുദ്ധമായിരിക്കണം. അനേകം കുട്ടികൾ എഴുതാറുണ്ട് ബാബാ അങ്ങയുടെ ആജ്ഞയാണ് ഗൃഹസ്ഥ വ്യവഹാരത്തിലിരുന്നും കേവലം എന്നെ ഓർമ്മിക്കൂ, ശ്രീമതമില്ലാതെ ഒരു കാര്യവും ചെയ്യരുത്. പക്ഷെ നമുക്കാണെങ്കിൽ വ്യവഹാരത്തിൽ ഒരുപാടെല്ലാം ചെയ്യേണ്ടി വരുന്നു. ഇല്ലായെങ്കിലെങ്ങനെ ഞങ്ങൾ നിത്യവൃത്തി ചെയ്യും! ഇത്രയും കുറച്ച് രൂപ കൊണ്ട് ഇത്രയും പേരെ എങ്ങനെ നടത്താൻ സാധിക്കും. വിശന്നിരിക്കേണ്ടി വരും അതിനാൽ വ്യാപാരികൾ എന്തെങ്കിലും ധർമ്മവും ചെയ്തു കൊണ്ടിരിക്കുന്നു. ഞങ്ങളിൽ നിന്ന് എന്തെങ്കിലും പാപം ഉണ്ടായിട്ടുണ്ടെങ്കിൽ അത് ഇല്ലാതാകുമെന്ന് മനസ്സിലാക്കുന്നു, ഞങ്ങൾ ധർമ്മാത്മാവായി മാറും. ധർമ്മാത്മാവായ പുരുഷനിൽ നിന്ന് ഒരുപാട് പാപം ഉണ്ടാവുകയില്ല എന്തുകൊണ്ടെന്നാൽ ധർമ്മാത്മാവ്

പാപം ചെയ്യുന്നതിനോട് ഭയക്കുന്നു. ഇങ്ങനെയും അനേകരുണ്ട് അവർ ജോലിയിലൊരിക്കലും നുണ പറയുകയില്ല. വില ഫിക്സ് ചെയ്ത് വെക്കുന്നു. കൽക്കത്തയിൽ ഒരു പാത്രം വിൽക്കുന്നയാളുണ്ടായിരുന്നു, എല്ലാത്തിന്റെയും വില ബോർഡിൽ എഴുതി വെക്കുമായിരുന്നു പിന്നെ ഒന്നും തന്നെ കുറയ്ക്കില്ല. പിന്നെ ചിലരാണെങ്കിൽ ഒരുപാട് നുണ പറയുന്നു. ഇതാണെങ്കിൽ ജ്ഞാനത്തിന്റെ പഠിപ്പാണ്. നിങ്ങൾ ഭാവിയിലെ 21 ജന്മത്തേക്ക് വേണ്ടി പഠിക്കുകയാണ്. അതിനാൽ ബാബക്ക് ഓരോ കാര്യത്തിലും സത്യം പറയണം. ഇങ്ങനെയല്ല പരമാത്മാവ് എല്ലാം അറിയുന്നു. ബാബ പറയുന്നു പഠിച്ചാൽ ഉയർന്ന പദവി നേടാം. ഇല്ലായെങ്കിൽ നരകത്തിൽ പോകും. ഞാൻ ഇരുന്ന് നോക്കുന്നൊന്നുമില്ല നിങ്ങൾ എന്തെല്ലാം പാപങ്ങൾ ചെയ്യുന്നുവെന്ന്. എന്തെങ്കിലും ചെയ്യുന്നുണ്ടെങ്കിൽ തനിക്കു വേണ്ടിയാണ്. തന്റെ തന്നെയാണ് പദവി ഭ്രഷ്ടമാക്കുന്നത്. പേരാണെങ്കിലോ പാപാത്മാവ്, പുണ്യാത്മാവെന്നും. ബാബ വന്ന് പുണ്യാത്മാവാക്കി മാറ്റുന്നു അതിനാൽ ഒരു പാപവും ചെയ്യരുത്. കുട്ടികൾക്ക് വേണ്ടിയാണെങ്കിലോ പാപത്തിന്റെ ശിക്ഷ നൂറ് മടങ്ങാണ്, വലിയ നഷ്ടമുണ്ടാകുന്നു. ഇങ്ങനെയുള്ള ചിന്ത വെക്കരുത് വരുന്നത് വരട്ടെ, കാണാം, ഇപ്പോൾ ഇങ്ങനെ ചെയ്യാം. അങ്ങിനെയുള്ളവർ ഒന്നിനും കൊള്ളാത്തവരാണ്. ഈ പഴയ ലോകത്തെ തികച്ചും മറക്കണം. കണ്ടിട്ടും കാണരുത്. നമ്മൾ അഭിനേതാക്കളാണ്, ഇപ്പോൾ നാടകം പൂർത്തിയാവുകയാണ്. 84 ജന്മം പൂർത്തിയാക്കി ഇപ്പോൾ തിരിച്ച് പോകണം. എത്ര സേവനം ചെയ്യുന്നോ അത്രയും ഉയർന്ന പദവി ലഭിക്കും. ഇപ്പോൾ പ്രദർശിനി, മേളയുടെ സേവനം ചെയ്യണം. ആരാണോ ഉർന്ന പദവി പ്രാപ്തമാക്കുന്ന പുരുഷാർത്ഥി കുട്ടികൾ അവർക്ക് ചിന്ത നടന്നു കൊണ്ടിരിക്കും പോയി കേൾക്കാം, പഠിക്കാം വിവിധ രീതിയിലൂടെ എങ്ങനെ മനസ്സിലാക്കി കൊടുക്കാമെന്ന്. അവർ ചക്രം കറക്കികൊണ്ടേയിരിക്കും. ഇന്നയാൾ എങ്ങനെയാണ് മനസ്സിലാക്കി കൊടുക്കുന്നതെന്ന് കേട്ടുകൊണ്ടിരിക്കും. അങ്ങനെ കേട്ട് കേട്ട് ബുദ്ധിയുടെ പൂട്ട് തുറക്കും. അനേകർ എഴുതാറുണ്ട് പ്രദർശിനിയിലൂടെ ഞങ്ങളുടെ ബുദ്ധിയുടെ പൂട്ട് തുറന്നുവെന്ന്. ബാബ ഒരുപാട് സഹായം നൽകുന്നു, പക്ഷെ ചിലർക്ക് മനസ്സിലാക്കാൻ സാധിക്കുന്നില്ല. ഞങ്ങൾ വളരെ നന്നായി മനസ്സിലാക്കി കൊടുത്തുവെന്ന് മനസ്സിലാക്കുകയാണ്. ചില സത്യമായ കുട്ടികൾ മനസ്സിലാക്കുന്നു ഈ സഹായം മുഴുവൻ ബാബയുടെയാണ്. പ്രദർശിനിയുടെ സേവനത്തിലൂടെ വളരെയധികം ഉന്നതിയുണ്ടാക്കാൻ സാധിക്കുന്നു. നിങ്ങൾ ജ്ഞാന സാഗരന്റെ കുട്ടികളാണ്. ബാബയുടെ ഓർമ്മയിലിരിക്കുന്നതിലൂടെ വളരെയധികം ശക്തി ലഭിക്കുന്നു. യോഗബലത്തിലൂടെ തന്നെയാണ് നിങ്ങൾ വിശ്വത്തിന്റെ ചക്രവർത്തി പദവി നേടുന്നത്. ഇത്രമാത്രം കേവലം ഇതേ ഓർമ്മയുണ്ടായിരിക്കണം ഞങ്ങൾ ബാബയിൽ നിന്ന് സമ്പത്ത് നേടണം ശ്രീമതത്തിലൂടെ നടക്കണം. അത്രമാത്രം ശ്രീമതത്തിൽ നടക്കുന്നതിലൂടെ തന്നെയാണ് സമ്പാദ്യം. ബാക്കി ഈ ലോകത്തിൽ ഒന്നും തന്നെ ഉപയോഗിക്കാൻ കൊള്ളുന്ന വസ്തുക്കളില്ല. എല്ലാം നശിക്കണം. നിങ്ങൾ ജ്ഞാന രത്നങ്ങളാണ്, ഈ ഭാരതത്തെ സ്വർഗ്ഗമാക്കി മാറ്റികൊണ്ടിരിക്കുകയാണ് സ്വർഗ്ഗവാസിയാകാൻ യോഗ്യത നേടണമെങ്കിൽ നിങ്ങൾക്ക് ഇവിടെ നിന്ന് തന്നെ ആകണം. യജ്ഞത്തിൽ എല്ല് എല്ല് സമർപ്പിക്കണം. അവർക്ക് പിന്നീട് ഒരു ലോഭവും ഉണ്ടായിരിക്കുകയില്ല. ആരുടെ ഭാഗ്യത്തിലാണോ ഇല്ലാത്തത്, അവരിൽ നിന്ന് പിന്നെ മോശമായ പ്രവൃത്തി ഉണ്ടായികൊണ്ടിരിക്കും. ഇവിടെയാണെങ്കിൽ നിങ്ങൾക്ക് സുഖദായിയായി മാറണം. ബാബ പറയുന്നു ഞാൻ സുഖദായിയാക്കി മാറ്റാൻ വന്നിരിക്കുകയാണ്. നിങ്ങളും സുഖദായിയായി മാറൂ. അവരുടെ മുഖത്ത് നിന്ന് സദാ ജ്ഞാന രത്നങ്ങൾ വരും. ആസുരീയമായ ഒരു കാര്യവും വരികയില്ല. കള്ളം പറയുന്നതിനേക്കാൾ ഒന്നും പറയാതിരിക്കുന്നതാണ് നല്ലത്. വളരെ മധുരമായി മാറണം. മാതാ-പിതാവിന്റെ ഷോ ചെയ്യണം. ബാബയെക്കുറിച്ച് തന്നെയാണ് എഴുതിയിരിക്കുന്നത് സത്ഗുരുവിനെ നിന്ദിക്കുന്നവർക്ക് ഒരു പദവിയും ലഭിക്കുകയില്ല..... അല്പമെങ്കിലും കോപം, അവഗുണം മുതലായവ ഉണ്ടാവരുത്. എന്തെങ്കിലും ചെറിയ വസ്തു ലഭിച്ചില്ലെങ്കിൽ പെട്ടെന്ന് ദേഷ്യപ്പെടുന്ന അനേകരുണ്ട്. പക്ഷെ കുട്ടികൾക്ക് പരീക്ഷയാണെന്ന് മനസ്സിലാക്കി ശാന്തമായിരിക്കണം. മുമ്പ് വലിയ വലിയ ഋഷി-മുനിമാർ പറയുമായിരുന്നു ഞങ്ങൾക്ക് ഈശ്വരനെ അറിയില്ല. ഇപ്പോൾ അഥവാ ഈ ആളുകൾ (സന്യാസി തുടങ്ങിയവർ) ഇങ്ങനെ പറഞ്ഞാൽ ആരും അവരെ അംഗീകരിക്കുകയില്ല. മനസ്സിലാക്കും ഇവർക്ക് സ്വയം തന്നെ ഈശ്വരനെ അറിയുകയില്ല അവർ നമുക്കെങ്ങനെ വഴി പറഞ്ഞു തരും. ഇക്കാലത്ത് പരസ്പരം ഒരുപാട് ഗുരുവായി മാറിയിരിക്കുകയാണ്. ഹിന്ദു സ്ത്രീകളുടെ പതി ഗുരുവുമാണ്, ഈശ്വരനുമാണ്. ഗുരുവാണെങ്കിൽ സദ്ഗതി നൽകും അല്ലാതെ പതിതമാക്കുകയില്ല. ഇപ്പോൾ നിങ്ങൾക്കറിയാം ഏതെല്ലാം സജനിമാരുണ്ടോ, അവരുടെ ഗുരു അഥവാ സാജൻ ഒന്ന് മാത്രമാണ്. മാതാ-പിതാ, ബാപ്ദാദ എല്ലാം അവരാണ്. ഈ ആളുകൾ പിന്നെ പതിക്ക് വേണ്ടി ഈ വാക്ക് പറയുന്നു. ഇപ്പോൾ ഇവിടെയാണെങ്കിൽ ആ കാര്യമില്ല. ഇവിടെയാണെങ്കിൽ നിങ്ങൾ ആത്മാക്കളെ പരംപിതാ പരമാത്മാവാണ് പഠിപ്പിക്കുന്നത്. ആത്മാവ് ഇത്രയും ചെറുതാണ് അതിൽ 84 ജന്മങ്ങളുടെ പാർട്ടടങ്ങിയിരിക്കുന്നു. പരമാത്മാവും ചെറിയ നക്ഷത്രമാണ്, അവരിലും മുഴുവൻ പാർട്ടും അടങ്ങിയിരിക്കുന്നു. മനുഷ്യർ മനസ്സിലാക്കുന്നു പരമാത്മാവ് സർവ്വ ശക്തിവാനാണ്. എല്ലാം ചെയ്യാൻ

സാധിക്കുന്നു. പരംപിതാ പരമാത്മാവ് പറയുന്നു ഇങ്ങനെയൊരു കാര്യവുമില്ല. ഡ്രാമയനുസരിച്ച് എന്റെയും പാർട്ടുണ്ട്.

ബാബ മനസ്സിലാക്കി തരുകയാണ് - നിങ്ങൾ എല്ലാ ആത്മാക്കളും പരസ്പരം സഹോദര-സഹോദരന്മാരാണ്. ആത്മാവ് തന്റെ സഹോദരന്റെ ശരീരത്തിന്റെ വധം എങ്ങനെ ചെയ്യും! നമ്മൾ എല്ലാ ആത്മാക്കൾക്കും ബാബയിൽ നിന്ന് സമ്പത്ത് നേടണം. പുരുഷനാകട്ടെ, സ്ത്രീയാകട്ടെ. ഈ ദേഹാഭിമാനവും ഉപേക്ഷിക്കണം. ശിവബാബ എത്ര മധുരമാണ്. നമ്മളും ശിവബാബയുടെ കുട്ടികളാണ്, സഹോദര-സഹോദരന്മാരാണ് അതിനാൽ നമ്മൾ ഒരിക്കലും പരസ്പരം വഴക്കടിക്കരുത്. ദേഹീ അഭിമാനിയായിരിക്കുകയാണെങ്കിൽ ഒരിക്കലും വഴക്കടിക്കുകയില്ല. ബാബ എന്ത് പറയും! ബാബ ഇത്രയും മധുരമാണ് കുട്ടികൾ വഴക്കടിച്ചുകൊണ്ടിരിക്കുന്നു. ഈ സമയം മനുഷ്യരിൽ ആത്മാവിന്റെ ജ്ഞാനം പോലുമില്ല. നമ്മൾ ആത്മാക്കൾ പരമാത്മാവിന്റെ സന്താനങ്ങളാണ് പിന്നെന്തിന് വഴക്കടിക്കണം? മനുഷ്യരാണെങ്കിൽ പറയാൻ വേണ്ടി മാത്രം പറയുന്നു. നിങ്ങളാണെങ്കിൽ പ്രാക്ടിക്കലാണ്. ബാബ പറയുന്നു- ദേഹാഭിമാനത്തെ ഉപേക്ഷിക്കൂ. നമ്മൾ ആത്മാവാണ്, ഇപ്പോൾ തിരിച്ച് പോകണം, ഇത് പറഞ്ഞുകൊണ്ടിരിക്കണം. പൂർണ്ണമായ പുരുഷാർത്ഥം ചെയ്യണം. ബാബയെ പോലെ തീർച്ചയായും മധുരവും സ്നേഹിയുമായി മാറണം, അപ്പോൾ ബാബ പറയും സത്പുത്രനാണ്. എത്ര സ്നേഹിയായി മാറി. ബാബ വളരെ നിരഹങ്കാരിയാണ്. പറയുന്നു ഞാൻ നിങ്ങളുടെ അച്ഛൻ, ടീച്ചർ, ഗുരു എല്ലാമാണ്. അരകല്പമായി നിങ്ങളെന്നെ ഓർമ്മിച്ചു വരികയാണ് ബാബാ വരൂ എന്ന്. ഡ്രാമയിൽ എന്റെയും പാർട്ടുണ്ട്. ആദ്യം ഈ ഘടികാരം മുതലായവ ഉണ്ടായിരുന്നില്ല, മണലുപയോഗിച്ച് സമയം നോക്കുമായിരുന്നു. ഈ സയൻസിലൂടെ എന്തെല്ലാം ഉണ്ടായികൊണ്ടിരിക്കുന്നുവോ, ഇത് നിങ്ങൾക്ക് വേണ്ടിയാണ്. ഈ സയൻസ്കാർ ആരും ജ്ഞാനം എടുക്കുന്നില്ല. അവർക്ക് പ്രജയിൽ തന്നെ വരണം. കൊട്ടാരം മുതലായവ ഉണ്ടാക്കുന്നവരാണെങ്കിൽ പ്രജയിൽ തന്നെ വരണമല്ലോ! രാജാവും റാണിയും ആജ്ഞ നൽകുന്നവരാണ്. അതിനാൽ ഇവർക്കാർക്കും മറഞ്ഞിരിക്കാനാവുകയില്ല, ഇവർ വളരെ സമർത്ഥരായിരിക്കും. ബാക്കി ചന്ദ്രൻ മുതലായവയിൽ പോവുക - ഇതെല്ലാം അതിയുടെ അടയാളമാണ്. സയൻസും ദുഃഖം തരുന്നവരായി മാറിയിരിക്കുകയാണ്. അവിടെ സുഖത്തിന്റെ വസ്തുക്കളുണ്ടാവുന്നു. ബാക്കി ഇതെല്ലാം കുറച്ച് സമയത്തേക്ക് വേണ്ടിയാണ്. വളരെ കൂടുതലായിപ്പോകുന്നു അതിനാൽ വിനാശമുണ്ടാകുന്നു. ബാക്കി നിങ്ങൾ സുഖം അനുഭവിക്കും. മമ്മാ, ബാബ എന്ന് പറയുകയാണെങ്കിൽ ഫോളോ ചെയ്യണം. നിങ്ങളുടെ മുഖത്ത് നിന്ന് സദാ രത്നങ്ങൾ പുറത്ത് വരണം. പറയുന്നു കല്ലുകൾ ഗീതം പാടി. നിങ്ങളാദ്യം കല്ല് ബുദ്ധിയായിരുന്നു. ബാബ വന്ന് നിങ്ങളെ കല്ല് ബുദ്ധിയിൽ നിന്ന് പവിഴ ബുദ്ധിയാക്കി മാറ്റുന്നു. ഇപ്പോൾ നിങ്ങൾ ഗീതയുടെ പാട്ട് പാടികൊണ്ടിരിക്കുകയാണ്. ബാക്കി ആ കല്ലൊന്നും പാട്ട് പാടില്ല. ഗീതയെ തന്നെയാണ് പാട്ടെന്ന് പറയുന്നത്. നിങ്ങൾക്കിപ്പോൾ പരംപിതാ പരമാത്മാവിന്റെ ജീവചരിത്രം അറിയാം. അവരാണെങ്കിൽ അർത്ഥം ഒന്നും തന്നെ മനസ്സിലാക്കുന്നില്ല. രത്നങ്ങൾക്ക് പകരം കല്ല് തന്നെ ഇടുന്നു. ഇപ്പോൾ നിങ്ങളുടെ ബുദ്ധിയിൽ നമ്പർവൈസ് രത്നമാണ്. ചിലരുടെ മുഖത്ത് നിന്ന് വജ്രം, മുത്ത് വരുന്നു അതുകൊണ്ട് നിങ്ങളുടെ പേര് നീലാംബരി, മരതകം എന്നെല്ലാം ഇട്ടിരിക്കുകയാണ്. നിങ്ങൾ കല്ലിൽ നിന്ന് രത്നം അഥവാ പവിഴമായി മാറികൊണ്ടിരിക്കുകയാണ്. ഇപ്പോൾ നിങ്ങളുടെ ജോലിയാണ് ആരെല്ലാം വരുന്നുണ്ടോ അവർക്ക് മനസ്സിലാക്കി കൊടുക്കുക. പരംപിതാ പരമാത്മാവുമായി നിങ്ങൾക്കെന്താണ് സംബന്ധം! ഏതുവരെ ഈ കാര്യത്തിന്റെ കൃത്യമായ ഉത്തരം എഴുതി തരുന്നില്ലയോ അതുവരെ ബാബയെ ലഭിക്കുകയില്ല. ആദ്യം ബാബയെ അറിയൂ അപ്പോൾ മനസ്സിലാക്കും ബി.കെ. ആരുടെ പേരകുട്ടികളാണ്. ലക്ഷ്യം വളരെ ഉയർന്നതാണ്. 21 ജന്മങ്ങളുടെ ചക്രവർത്തി പദവി നിർദ്ധനരിലും നിർദ്ധനർക്കേ നേടാൻ സാധിക്കൂ. വിശ്വത്തിന്റെ അധികാരിയായി മാറുക എന്താ ചെറിയ കാര്യമാണോ? കേവലം ശ്രീമതത്തിലൂടെ നടക്കണം. സ്വയം ഭഗവാൻ അർപ്പണമാവുകയാണ് - കുട്ടികളുടെ മേൽ. 21 ജന്മങ്ങളുടെ അർപ്പണം ചെയ്യുകയാണ്. പറയുന്നു വിശ്വത്തിന്റെ അധികാരിയായി ഭവിക്കൂ. തീർച്ചയായും കുട്ടികളുടെ മുഖത്ത് നിന്ന് രത്നങ്ങൾ തന്നെ വരണം അപ്പോൾ ഭാവിയിൽ പൂജനീയ ദേവതയായി മാറുന്നു. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) മധുരമായി മാറി, മാതാ-പിതാവിന്റെ ഷോ ചെയ്യണം. അല്പമെങ്കിലും ക്രോധമുണ്ടെങ്കിൽ അതിനെ പുറത്ത് കളയണം. ബാബയെ പോലെ മധുരവും സ്നേഹിയുമായി മാറണം.

2) ശ്രീമതമില്ലാതെ ഒരു കാര്യവും ചെയ്യരുത്. ശ്രീമതത്തിൽ തന്നെയാണ് സത്യമായ സമ്പാദ്യം.

## വരദാനം:- ജ്ഞാന സമ്പന്നരായി ഓരോ കർമ്മത്തിന്റെയും പരിണാമത്തെ അറിഞ്ഞ് കർമ്മം ചെയ്യുന്ന മാസ്റ്റർ ത്രികാലദർശിയായി ഭവിക്കൂ

ത്രികാലദർശികളായ കുട്ടികൾ ഓരോ കർമ്മത്തിന്റെയും പരിണാമത്തെ അറിഞ്ഞ് ശേഷം കർമ്മം ചെയ്യുന്നു. അവർ ഒരിക്കലും ഇങ്ങനെ പറയില്ല സംഭവിക്കാൻ ആഗ്രഹിച്ചിരുന്നില്ല, എന്നാൽ സംഭവിച്ചു പോയി, പറയാൻ പാടില്ലായിരുന്നു, എന്നാൽ പറഞ്ഞു പോയി. ഇതിൽ നിന്ന് വ്യക്തമാകുന്നത് കർമ്മത്തിന്റെ പരിണാമത്തെ അറിയാതെ നിഷ്കളങ്കമായി കർമ്മം ചെയ്യുന്നു എന്നാണ്. നിഷ്കളങ്കമാകുന്നത് നല്ലതാണ് എന്നാൽ ഹൃദയം കൊണ്ട് നിഷ്കളങ്കരാകൂ, കാര്യങ്ങളിലും കർമ്മങ്ങളിലും നിഷ്കളങ്കരാകരുത്. അതിൽ ത്രികാലദർശിയായി ഓരോ കാര്യവും കേൾക്കൂ, പറയൂ അപ്പോൾ പറയും സെയിന്റ് അർത്ഥം മഹാൻ ആത്മാവ്.

## സ്ലോഗൻ:- പരസ്പരം കോപ്പി ചെയ്യുന്നതിന് പകരം ബാബയെ കോപ്പി ചെയ്യൂ എങ്കിൽ ശ്രേഷ്ഠ ആത്മാവാകും.